**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3603** **27-06-2024 - ൽ മറുപടിയ്ക്ക്**

**കേരള കാർഷിക സർവകലാശാല ഡി.എസ്.സി. ബിരുദം നൽകിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കാർഷിക സർവകലാശാല ആർക്കൊക്കെ ഓണററി ഡി.എസ്.സി. ബിരുദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നബാർഡ് ചെയർമാന് ഓണററി ഡി.എസ്.സി. ബിരുദം നൽകിയിരുന്നോ; വിശദമാക്കാമോ; | (എ) | 1.ശ്രീ.എൻ. കാളീശ്വരൻ ഐ.എ.എസ്, മുൻ വൈസ് ചാൻസിലർ, കെ. എ. യു.<br><br>2.പ്രൊഫസർ. എം. എസ്. സ്വാമിനാഥൻ, ഡയറക്ടർ ജനറൽ ഓഫ് ഐ.സി.എ.ആർ & സെക്രട്ടറി, ഡി.എ.ആർ.ഇ.<br><br>3.ഡോ. സലിം അലി, ഓർണിത്തോളജിസ്റ്റ്<br><br>4. ഡോ. വി. കുര്യൻ, ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, ആനന്ദ്.<br><br>5. ഡോ. കെ. എൻ. രാജ്, എക്കണോമിസ്റ്റ്.<br><br>6. പ്രൊഫസർ (ഡോ.) പി. കെ. രാമചന്ദ്രൻ നായർ, പ്രൊഫസർ, അഗ്രോ ഫോറസ്ട്രി & ഇന്റർനാഷണൽ ഫോറസ്ട്രി, യൂണിവേഴ്സിറ്റി ഓഫ് ഫ്ളോറിഡ.<br><br>7.ശ്രീ.ഷാജി. കെ. വി. ചെയർമാൻ, നബാർഡ്. എന്നിവർക്കാണ് **ഓണററി ഡി.എസ്.സി. ബിരുദം നൽകിയിട്ടുള്ളത്.**<br><br>29.05.2024 തിയ്യതിയിൽ നടത്തിയ കേരള കാർഷിക സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ ആണ് നബാർഡ് ചെയർമാൻ ശ്രീ. ഷാജി. കെ. വി ക്ക് ഓണററി ഡി. എസ്. സി ബിരുദം നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത വ്യക്തി നബാർഡ് ചെയർമാനായി എത്ര വർഷമായി സേവനമനുഷ്ഠിക്കുന്നുവെന്നും കാർഷിക ശാസ്ത്ര മേഖലയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ എന്താണെന്നും വിശദീകരിക്കാമോ; | (ബി) | ഒന്നര വർഷം.<br><br>കാർഷിക, ഗ്രാമവികസന പശ്ചാത്തലസൗകര്യ ബാങ്കിംഗ് രംഗത്തെ സംഭാവനകളാണ് ആദരസൂചക ബിരുദത്തിന് ശ്രീ.ഷാജി.കെ.വി യെ പരിഗണിക്കുവാൻ ഇടയാക്കിയത്. മൂന്ന് ദേശസാൽകൃത ബാങ്കുകളിലും നബാർഡിലും ശ്രീ.ഷാജി.കെ.വി കാർഷിക-ഗ്രാമവികസന രംഗങ്ങളിലെ പശ്ചാത്തലസൗകര്യ വികസനത്തിൽ പ്രകടിപ്പിച്ച മികവ് എന്നിവ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാല ശ്രീ.ഷാജി.കെ.വി യ്ക്ക് നൽകിയ ബിരുദരേഖ (Citation) യിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | നബാർഡ് ചെയർമാൻ നിലവിൽ മാനേജ്മെന്റിൽ ഗവേഷണം നടത്തുന്ന ഒരു വിദ്യാർത്ഥിയാണോയെന്നും ഏത് സർവകലാശാലയിലെ വിദ്യാർത്ഥിയാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (സി) | ശ്രീ.ഷാജി. കെ.വി യുടെ ബയോഡാറ്റയിൽ അദ്ദേഹം കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ ഗവേഷണം ചെയ്തു വരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | ജനറൽ കൗൺസിലിന്റെ മുൻകൂർ അംഗീകാരം വാങ്ങാതെ ബിരുദം നൽകാനുള്ള ശിപാർശ ഗവർണറുടെ പരിഗണനയ്ക്കായി അയക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടിന്റെ പ്രൊവിസോ പ്രകാരം എക്സ്ക്യൂട്ടീവ് കമ്മിറ്റിയ്ക്ക് പ്രത്യേക കേസുകൾ ജനറൽ കൗൺസിലിന്റെ അനുമതി കൂടാതെ ചാൻസിലർക്ക് സമർപ്പിക്കാൻ അധികാരം നൽകുന്നുണ്ട്. ഇപ്രകാരം എക്സ്ക്യൂട്ടീവ് കമ്മിറ്റി ശുപാർശ, വൈസ് ചാൻസിലർ ബഹു. ചാൻസിലർക്ക് സമർപ്പിക്കുകയായിരുന്നു. |

സെക്ഷൻ ഓഫീസർ